**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1850** **09-12-2022 - ൽ മറുപടിയ്ക്ക്**

**കേരഫെഡിൽ നടന്ന താത്കാലിക /കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഫെഡിലെ നിയമന ചട്ടങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് അംഗീകരിച്ച തീയതി, പ്രാബല്യത്തിൽ വന്ന തീയതി എന്നീ വിവരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 29.09.2022-ലെ സ.ഉ(കൈ)നം.83/2022/അഗ്രി പ്രകാരം നിയമന ചട്ടം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ട്. |
| (ബി) | കേരഫെഡ് സ്റ്റാഫ് പാറ്റേണിൽ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തേണ്ടത് എന്ന വ്യക്തമായ നിർദ്ദേശം ഉള്ളപ്പോൾ ഇവിടെ താൽക്കാലിക/കരാർ നിയമനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; | (ബി) | കേരഫെഡിലെ നിയമനചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ, പി.എസ്.സി മുഖേന സ്ഥിരനിയമനം നടക്കുന്നതുവരെയാണ് താൽക്കാലിക/കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. സർക്കാരിന്റെ വിവരവും പൊതുജനസമ്പർക്കവും വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് ലഭ്യമായ അപേക്ഷകളിന്മേൽ, നിയമനചട്ടത്തിൽ നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിച്ച്, സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള വിഷയവിദഗ്ധൻ ഉൾപ്പെട്ട അഭിമുഖകമ്മിറ്റി രൂപീകരിച്ച് തികച്ചും സുതാര്യമായ രീതിയിലാണ് കരാർ വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത്. |
| (സി) | 2016 മുതൽ നാളിതുവരെ കേരഫെഡിൽ നടന്ന താത്കാലിക/കരാർ നിയമനങ്ങളുടെ വിശദാംശം നൽകുമോ; | (സി) | 2016 മുതൽ നാളിതുവരെ കേരഫെഡിൽ ദിവസവേതനാടിസ്ഥാനത്തിൽ 21 പേരെയും കരാർ അടിസ്ഥാനത്തിൽ 22 പേരെയും നിയമിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്). പ്രസ്തുത ജീവനക്കാരിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഇവരിൽ എത്ര താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ? | (ഡി) | 2016 മുതൽ നാളിതുവരെ കേരഫെഡിൽ ദിവസവേതനാടിസ്ഥാനത്തിൽ 21 പേരെയും കരാർ അടിസ്ഥാനത്തിൽ 22 പേരെയും നിയമിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്). പ്രസ്തുത ജീവനക്കാരിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>*U.S.Q.No.1850 -* അനുബന്ധം</u>

**2016 മുതൽ നാളിതുവരെ നടന്ന താൽക്കാലിക/കരാർ നിയമനങ്ങളുടെ വിശദാംശം**

| ക്രമ. നം. | തസ്തിക | എണ്ണം | നിയമനരീതി |
|---|---|---|---|
| 1 | അസിസ്റ്റന്റ് | 1 | ദിവസവേതനം |
| 2 | സെയിൽസ് അസിസ്റ്റന്റ് | 1 | ദിവസവേതനം |
| 3 | ഡ്രൈവർ | 4 | കരാർ – 1<br>ദിവസവേതനം – 3 |
| 4 | വർക്കർ | 3 | ദിവസവേതനം |
| 5 | ഗോഡൗൺ അസിസ്റ്റന്റ് | 1 | ദിവസവേതനം |
| 6 | ഫിറ്റർ | 1 | ദിവസവേതനം |
| 7 | ഇലക്ട്രിക്കൽ സൂപ്പർവൈസർ | 1 | ദിവസവേതനം |
| 8 | ട്രേഡ്സ്മാൻ ഫിറ്റർ | 5 | ദിവസവേതനം |
| 9 | അസിസ്റ്റന്റ് മാനേജർ (മെക്കാനിക്കൽ) | 2 | കരാർ |
| 10 | ട്രേഡ്സ്മാൻ വെൽഡർ | 2 | ദിവസവേതനം |
| 11 | അസിസ്റ്റന്റ് മാനേജർ (ഇലക്ട്രിക്കൽ) | 1 | കരാർ |
| 12 | ആയുർവേദ കൺസൾട്ടന്റ് | 1 | കരാർ |
| 13 | കമ്പ്യൂട്ടർ പ്രോഗ്രാമർ | 1 | ദിവസവേതനം |
| 14 | ഇലക്ട്രീഷ്യൻ | 3 | കരാർ |
| 15 | ടൈപ്പിസ്റ്റ് | 1 | ദിവസവേതനം |
| 16 | ബോയിലർ ഓപ്പറേറ്റർ | 2 | കരാർ |
| 17 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | കരാർ |
| 18 | അക്കൗണ്ടന്റ് | 1 | ദിവസവേതനം |
| 19 | മാനേജർ (പ്ലാന്റ്സ്) | 2 | കരാർ |
| 20 | ഡെപ്യൂട്ടി മാനേജർ (പ്ലാന്റ്സ്) | 2 | കരാർ |
| 21 | അനലിസ്റ്റ് | 3 | കരാർ |
| 22 | ഫയർമാൻ | 4 | കരാർ |
| ആകെ | | 43 | |